**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1717** **04-02-2026 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ അഗ്രോ സെന്ററിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ വളരെ നല്ല രീതിയിൽ നടന്നുവരുന്ന മതിലകം അഗ്രോ സെന്ററിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണെങ്കിൽ ജില്ലയിലെ തന്നെ പ്രധാന കേന്ദ്രമായി മാറ്റാൻ കഴിയും എന്നത് ശ്രദ്ധയിലുണ്ടോ; എങ്കിൽ ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | 2017-ൽ ആരംഭിച്ച കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ മതിലകം അഗ്രോ സർവീസ് സെന്റർ വഴിയാണ് ബ്ലോക്കിന് കീഴിൽ വരുന്ന ഏഴ് പഞ്ചായത്തുകളിലെ വിവിധ പദ്ധതികളിലായി പച്ചക്കറി തൈകൾ, ജൈവവളം തുടങ്ങിയവയുടെ വിതരണം, രോഗകീടബാധയുള്ള തെങ്ങുകൾ വൃത്തിയാക്കലും മരുന്നടിക്കലും, മൺചട്ടി/HDPE Pot എന്നിവയിൽ മണ്ണും വളവും നിറച്ച തൈകൾ നട്ടുപിടിപ്പിച്ച കൊണ്ടുള്ള മട്ടുപ്പാവ് കൃഷി പ്രോത്സാഹനം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. കൂടാതെ വീഡ് കട്ടർ, ട്രാക്ടർ തുടങ്ങിയ യന്ത്രങ്ങൾ ഉപയോഗിച്ച് ഗ്രാമീണമേഖലയിൽ കാർഷിക യന്ത്രവൽക്കരണം നടപ്പാക്കുന്ന പ്രവർത്തനങ്ങളും, കൃഷി/ കൃഷിയനുബന്ധ മേഖലകളിൽ നൈപുണ്യം വർധിപ്പിക്കാൻ പരിശീലന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.<br><br>പുതിയ പദ്ധതികൾ സേവനകേന്ദ്രം നിലനിൽക്കുന്ന അസംബ്ലി മണ്ഡലത്തിന്റെ എം.എൽ.എ അധ്യക്ഷനായുള്ള ബ്ലോക്ക് ലെവൽ ഉപദേശക സമിതിയിൽ നിർദ്ദേശം വച്ച് തനത് ഫണ്ട് ഉപയോഗിച്ച് നടത്താവുന്ന പദ്ധതികൾ നടപ്പാക്കാവുന്നതാണ്. പ്രസ്തുത പദ്ധതികൾക്ക് സർക്കാർ തലത്തിൽ അംഗീകാരമോ, സർക്കാർ നടത്തിവരുന്ന വിവിധ പദ്ധതികളിലുൾപ്പെടുത്തി അംഗീകാരമോ വേണമെങ്കിൽ സർക്കാരിൽ നിർദ്ദേശം സമർപ്പിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ